ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ഈ കോടതിയുടെ അധികാരാതിർത്തിയിലടങ്ങിയ സ്ഥലത്തിന്റെ മദ്ധ്യപ്രദേശം ചെങ്ങന്നൂരാണെന്നു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ചെങ്ങന്നൂരിലേയ്ക്കു് ഈ കോടതി മാറ്റി സ്ഥാപിക്കണമെന്ന നിവേദനം കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: കിട്ടിയിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: പിന്നെ എന്തുകൊണ്ടാണു് അങ്ങോട്ടു കോടതി മാറ്റാത്തതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങോട്ടു മാറ്റാൻ പാടില്ലെന്നും നിവേദനം കിട്ടിയിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: അവിടെ ജില്ലാക്കോടതിയ്ക്കു പറ്റിയ ഒരു കെട്ടിടം സർക്കാർ വകയായി ഉണ്ടെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാം.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ആ കെട്ടിടത്തിലേയ്ക്കു് മാറ്റണമെന്ന നിവേദനം കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: കിട്ടിയിട്ടുണ്ടു്. അതു് ഹൈക്കോടതിയിലേയ്ക്കു് അയച്ചിരിക്കുകയാണു്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ചെങ്ങന്നൂരേയ്ക്കു് ഈ കോടതി മാറ്റുന്നതു മാവേലിക്കരയേക്കാളും സൗകര്യപ്രദമായിരിക്കുമെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

സെക്രട്ടേറിയറ്റു് സംയോജനം

*൯൫ ൭. (൩) സാഹിബു് ബഹദൂർ കെ. സി. മായൻകുട്ടിമേത്തർ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

സെക്രട്ടേറിയറ്റു് സംയോജനം പൂർത്തിയായോ എന്നും ഇല്ലെങ്കിൽ എന്നു പൂർത്തിയാകുമെന്നും ദയവായി പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): സെക്രട്ടേറിയറ്റു സംയോജനം പൂർത്തിയായി. സർവ്വീസു സംയോജനം പുരോഗമിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. എം. എ. പാഠം: കൊച്ചി സെക്രട്ടറിയേറ്റിൽനിന്നും വന്നിട്ടുള്ള ഉദ്യോഗസ്ഥന്മാർക്കു് ഈ സംയോജനം പൂർത്തിയാകുമ്പോൾ അവരുടെ സീനിയോറിട്ടിയിലോ മറ്റോ എന്തെങ്കിലും കഴപ്പംവന്നാൽ അവർക്കു് റിട്രാസ്പെക്ടീവ് എഫക്ടു് കൊടുക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അവർക്കു് റിട്രാസ്പെക്ടീവ് എഫക്ടു് കൊടുക്കുകയില്ല. അവരുടെ കേസ്സുകൾക്കു് റിട്രാസ്പെക്ടീവ് എഫക്ടു് കൊടുക്കും.

ശ്രീ. ഇട്ടൂപ്പ അയ്യൂക്കൻ: സെക്രട്ടറിയേറ്റിൽ എത്ര സൂപ്രണ്ടന്മാർ ഉണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ൨ ൪ ആണെന്നാണു തോന്നുന്നതു്. ഇതു് ഞാൻ ഓർമ്മയിൽനിന്നാണു പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇട്ടൂര അയ്യക്കൻ: അതിൽ കൊച്ചി വിഭാഗത്തിലുള്ള സൂപ്രണ്ടന്മാർ എത്രയാണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ വിവരം ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

കുടിപാർപ്പുകാർ

*൯ ൧൫. (൬) ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) തിരുവല്ലാ താലൂക്കിൽ എഴുമറ്റൂർ പകുതിയിൽപ്പെട്ട കൊറ്റനാടു്, പെരുമ്പട്ടി, എന്നീ കരകളിലുള്ള നാലായിരത്തോളം ഏക്കർ സ്ഥലത്തു രണ്ടായിരത്തോളം കുടിപാർപ്പുകാർ മറ്റു അവകാശികളായി ദീർഘകാലമായി താമസിച്ചു വരുന്നതായി അറിയാമോ;

(ബി) ഈ നാലായിരം ഏക്കർ സ്ഥലം ഒരുമിച്ചു എങ്കിലും പേരിൽ എപ്പോഴെങ്കിലും പതിച്ചു കൊടുത്തിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പു് മന്ത്രി (ശ്രീ. എ. ജെ, ജോൺ):

(എ) എഴുമറ്റൂർ പകുതിയിൽ ൧,൫൫൫ ഏക്കർ സ്ഥലത്തു കുറെ ആളുകൾ കയറി താമസിക്കുന്നതായി അറിയാം. അതുസംബന്ധിച്ചു് ൫൭ പുതുവൽ കേസുകൾ എടുത്തു വിചാരണയിൽ ഇരിക്കുകയാണു്.

(ബി) ആ സ്ഥലം പതിച്ചു കൊടുത്തിട്ടില്ല.

ശ്രീ. കെ. എ. മാത്യു: ആ സ്ഥലം ഗവൺമെണ്ടു് വകയാണോ?

ശ്രീ. എ. ജെ. ജോൺ: അതിനെപ്പറ്റി പൂർണ്ണവിവരം കിട്ടിയിട്ടില്ല. പൂർണ്ണവിവരങ്ങൾ റിപ്പോർട്ടു ചെയ്യുന്നതിനു് കലക്ടർക്കു് എഴുതിഅയച്ചിട്ടുണ്ടു്.

Sri. P. Balakrishnan Tampi: Are Government aware that such questions and answers might prejudice the interest of private parties?

Mr. Speaker: That is a different matter which does not arise as a supplementary question.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആ വസ്തുക്കൾ മറ്റു വസ്തുക്കളാണെന്നുള്ള നിലയിൽ ഒഴിപ്പിച്ചു കൊടുക്കുന്നതിനു് അവസാനവിധി ഉണ്ടായ വിവരം അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിയാൻ പാടില്ല. പൂർണ്ണമായ വിവരം കിട്ടിയിട്ടില്ലെന്നു ഞാൻ നേരത്തെ പറഞ്ഞു.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ആ സ്ഥലങ്ങളിൽ പിന്നോക്കസമുദായത്തിൽപെട്ട ആളുകൾ താമസിക്കുന്നുണ്ടെന്നു് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: ആ വിവരവും അറിവില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: പിന്നോക്കസമുദായത്തിൽപെട്ട ആളുകളെ അവിടെനിന്നും ഇറക്കിവിടുന്നതിനു് ശ്രമിക്കുന്നുണ്ടെന്നു് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: പിന്നോക്ക സമുദായക്കാർ അവിടെ താമസിക്കുന്ന വിവരംതന്നെ അറിവില്ലാത്ത സ്ഥിതിക്കു് ഇതിനു മറുപടി പറയാൻ സാദ്ധ്യമല്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: വെട്ടൊഴിവു് ആധാരപ്രകാരം ആ സ്ഥലങ്ങളിൽ ആർക്കെങ്കിലും വല്ല അവകാശവുമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതുസംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ ഒന്നും കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly